പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 2178 07.12.2015-ൽ മറുപടിക്ക്

## കാൻസർ രോഗികൾക്ക് സൗജന്യ യാത്ര

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കാൻസർ രോഗികൾക്ക് കെ.എസ്. ആർ.ടി.സി ബസിൽ സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | അനുവദിച്ചിട്ടുണ്ട്.<br>ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഉത്തരവ് പ്രകാരം പാസ് നൽകുന്നതിന് കെ.എസ്.ആർ. ടി.സി മാനദണ്ഡങ്ങൾ ഏർപ്പെടു ത്തിയിട്ടുണ്ടോ ; എങ്കിൽ എന്തൊ ക്കെ എന്ന് വിശദീകരിക്കാമോ; | (ബി) | ഉണ്ട്.<br>കാൻസർ രോഗികൾക്ക് അവരുടെ സ്ഥിര മായ താമസ സ്ഥലത്തുനിന്നും മെഡിക്കൽ കോളേജ്, റീജിയണൽ കാൻസർ സെന്ററു കൾ തുടങ്ങിയ അംഗീകൃത കാൻസർ ചികിത്സാ കേന്ദ്രങ്ങളിലേയ്ക്കും തിരിച്ചും ചികിൽസയ്ക്ക് പോകുന്ന ദിവസം കെ.എസ്. ആർ.ടി.സി.യുടെ എല്ലാ ഓർഡിനറി, സിറ്റി ഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ് പാസഞ്ചർ ബസുകളിലും യാത്രാ കൂലിയിൽ 50% സൗജന്യനിരക്ക് അനുവദിച്ചുകൊണ്ട് കോർപ്പ റേഷൻ 23.05.2012-ൽ ഉത്തരവ് പുറപ്പെടുവി ച്ചിട്ടുണ്ട്. |
| (സി) | രോഗിക്കും സഹായിയായി യാത്ര ചെയ്യുന്നയാൾക്കും സൗജന്യ പാസ് അനുവദിക്കുന്ന കാര്യം പരി ഗണനയിലുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കു മോ; ഇപ്രകാരം സൗജന്യ പാസ്സ് അനുവദിക്കുന്ന കാര്യം പരിഗണി ക്കുമോ? | (സി) | പരിഗണനയിലുണ്ട്.<br>നിലവിൽ കാൻസർ രോഗികൾക്ക് യാത്രാ സൗജന്യം നൽകി വരുന്നതുപോലെ കാൻ സർ രോഗിയെ അനുഗമിക്കുന്ന ഒരാളിനും, കിഡ്നി രോഗികൾക്കും ഒരു സഹയാത്രി കനും അംഗീകൃത ചികിത്സാ കേന്ദ്രങ്ങളി ലേക്ക് ചികിത്സയ്ക്ക് പോകുന്നതിനും മടങ്ങുന്നതിനും കെ.എസ്.ആർ.ടി.സി.യുടെ |

എല്ലാ ഓർഡിനറി ബസ്സുകളിലും സിറ്റി ഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ, റിസർവേഷൻ ഇല്ലാത്ത എല്ലാ ഫസ്റ്റ് പാസഞ്ചർ ബസ്സുകളിലും, ഇതിനാവശ്യമായ തുക കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭ്യമാക്കുന്നതിന് സാമൂഹ്യ നീതി വകുപ്പിന്റെ ബജറ്റിൽ വകകൊള്ളിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി വകുപ്പിൽ നിന്നും കെ.എസ്.ആർ.ടി.സി.ക്ക് മുൻകൂർ പണം കൈമാറുകയും ചെയ്യണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, 50% സൗജന്യ യാത്രാ പാസ് നൽകുന്നതിന് കെ.എസ്.ആർ.ടി.സി.യ്ക്ക് നിർദ്ദേശം നൽകി 09.11.2015-ൽ സ.ഉ (കൈ) 66/2015/ഗതാഗതം നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ഗതാഗത വകുപ്പ് - കാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി.ബസ്സിൽ യാത്രാസൗജന്യം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗത (എ) വകുപ്പ്

സ.ഉ. (എം.എസ്) നമ്പർ: 21 /2012/ഗതാഗതം. തിരുവനന്തപുരം. തീയതി: 10/04/2012

## ഉത്തരവ്

കാൻസർ രോഗികൾക്ക് അവരുടെ സ്ഥിരമായ താമസസ്ഥലത്തുനിന്നും മെഡിക്കൽ കോളേജ്, റീജിയണൽ ക്യാൻസർ സെന്ററുകൾ തുടങ്ങിയ അംഗീകൃത ചികിത്സാ കേന്ദ്രങ്ങളിലേക്കും തിരിച്ചും ചികിത്സക്കുപോകുന്ന ദിവസം കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ഓർഡിനറി ബസ്സുകളിലും, സിറ്റി ഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ, റിസർവേഷൻ ഇല്ലാത്ത എല്ലാ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളിലും യാത്രാ കൂലിയിൽ 50% സൗജന്യ നിരക്ക് അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പാസ്സ് അനുവദിക്കുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.ക്ക് ഏതെങ്കിലും തരത്തിലുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കേണ്ടതുണ്ടെങ്കിൽ ആയത് സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം.
കെ.ആർ.ജ്യോതിലാൽ
ഗവൺമെന്റ് സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് (ന്യൂ മീഡിയ ഡിവിഷൻ) ഡിപ്പാർട്ട്മെന്റ്.
(കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)
ട്രാൻസ്പോർട്ട് (ബി) വകുപ്പിന്

പൊതുഭരണ (എസ്.സി) വകുപ്പിന്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ